
# ഗവ :എൽ,പി,എസ്,ചെമ്പൂര്




# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026


Govt. L.P.S. CHEMPOOR

## ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ലഘുചിത്രം
5. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
6. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
7. നിലവിലെ അവസ്ഥാ വിശകലനം
8. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
9. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
10. പ്രതീക്ഷിത നേട്ടങ്ങൾ
11. മോണിട്ടറിംഗ്
12. ഉപസംഹാരം


## അനുബന്ധം


1. കുട്ടികളുടെ എണ്ണം - മുൻവർഷങ്ങളിൽ
2. നിലവിലുള്ള കമ്മിറ്റികൾ

# ആമുഖം

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ പദ്ധതി നടപ്പിലാക്കുന്നതിനായി കൂടുതൽ മികവാർന്ന ഒരു അദ്ധ്യായനവർഷം ആസൂത്രണം ചെയ്യുകയാണ് സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്. 2025 – 26 അധ്യയനവർഷം 2 ,4 ക്ലാസുകളിൽ പുതിയ പാഠപുസ്തകമാണ്. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി പുതുമയാർന്ന നിരവധി പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ആസൂത്രണം ചെയ്യുന്നു.

ഓരോ കുട്ടിയേയും പ്രത്യേകമായി പരിഗണിച്ച് എല്ലാമേഖലകളിലുമുള്ള കുട്ടികളുടെ കഴിവിനെ കണ്ടെത്തി പ്രോത്സാഹിപ്പി-ക്കുകയും വേണ്ട പിന്തുണ നല്കുകയും ചെയ്യുന്നു.

2024 – 25 അധ്യയന വർഷത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഗവ. എൽ പി എസ് ചെമ്പൂരിന് കഴിഞ്ഞിട്ടുണ്ട്. കായികമേളയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. ശാസ്ത്രമേള - യിൽ ഓവറോൾ രണ്ടാംസ്ഥാനവും കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും നേടി. അറബിക് കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാന- വും കരസ്ഥമാക്കാൻ കഴിഞ്ഞു. അക്ഷരമുറ്റം സബ് ജില്ല ക്വിസിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സ്റ്റേറ്റ് ലെവൽ വരെ എത്താൻ കഴിഞ്ഞു. പതിമൂന്ന് കുട്ടികൾക്ക് LSS നേടാൻ കഴിഞ്ഞു . വിവിധ ഇടങ്ങളിൽ നടന്ന ക്വിസ് മത്സരങ്ങളിൽ ചെമ്പൂര് എൽ പി എസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ബഹു. M L A ശശി അവർകളെ പങ്കെടുപ്പിച്ചുകൊണ്ട് വളരെ മികച്ച രീതിയിൽ സ്കൂൾ വാർഷികം " ആവേശം " സംഘടിപ്പിക്കുവാൻ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | ഗവൺമെന്റ് എൽ.പി.എസ്, ചെമ്പൂര് |
| വിലാസം | : | മുദാക്കൽ. പി.ഒ - 695103 |
| 2. സ്കൂൾ കോഡ് | : | 42323 |
| 3. വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| 4. വിദ്യാഭ്യാസ ഉപജില്ല | : | ആറ്റിങ്ങൽ |
| 5. റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 6. ബി.ആർ.സി | : | ആറ്റിങ്ങൽ |
| 7. സി.ആർ.സി | : | ചെമ്പൂര് |
| 8. ഗ്രാമ പഞ്ചായത്ത് | : | മുദാക്കൽ (11-ാം വാർഡ്) |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | ചിറയിൻകീഴ് |
| 10. ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| 11. നിയമസഭാമണ്ഡലം | : | ചിറയിൻകീഴ് |
| 12. ലോകസഭാമണ്ഡലം | : | ആറ്റിങ്ങൽ |
| 13. താലൂക്ക് | : | ചിറയിൻകീഴ് |
| 14. വില്ലേജ് | : | മുദാക്കൽ |
| 15. ഇ-മെയിൽ | : | govtchempoor@gmail.com |
| ബ്ലോഗ് | : | നീലാംബരി |
| സ്കൂൾ വിക്കി | : | G.L.P.S Chempoor, Attingal sub district, TVM dist. |
| യു-ട്യൂബ് ചാനൽ | : | ഓലപ്പീപ്പി |

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കൽ
- കുട്ടികളുടെ സർഗ്ഗ പരവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിൻതുണയും പ്രോത്സാഹനവും നൽകുക.
- സ്ക്കൂൾ മികവുകളും അക്കാദമിക പ്രവർത്തനങ്ങളും പൊതു സമൂഹത്തിൽ എത്തിക്കുക.
- സ്ക്കൂളിൽ ചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം തുല്ല്യ അവസരങ്ങൾ പ്രധാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക.
- അധ്യാപനവും അധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പാക്കുക.

# വിദ്യാലയചരിത്രം

ആയിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്ന് വിജ്ഞാനത്തിന്റെ അനന്തതകളിലേക്ക് കൈപിടിച്ചുയർത്തിയ ഈ സരസ്വതീക്ഷേത്രം 1863-ൽ സ്ഥാപിതമായി. മുദാക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ആദ്യപ്രാഥമിക വിദ്യാലയമാണ് ഗവ: എൽ.പി.എസ്, ചെമ്പൂര്. 1863-ൽ ശ്രീമാൻ ആറ്റിക്കോട്ട് ശങ്കരപിള്ള അദ്ദേഹത്തിന്റെ അനന്തിരവൾ ദേവകിയമ്മ അധ്യാപക പരിശീലനം പൂർത്തിയാക്കിയപ്പോൾ അവർക്ക് വേണ്ടിയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. പിന്നീട് ഈ സ്കൂൾ സർക്കാരിലേക്ക് വിട്ടുകൊടുക്കുകയാണുണ്ടായത്.

ഡോക്ടർമാർ, എഞ്ചിനിയർമാർ, മറ്റു വകുപ്പുകളിൽ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങി രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ സാന്നദ്ധ്യമറിയിച്ച നിരവധി പേർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനത്തിന്റെ അംഗീകാരമായി ബെസ്റ്റ് സ്കൂൾ അവാർഡ് ലഭിച്ചിട്ടുണ്ട്.

## ഭാഗം - 1 കാഴ്ചപ്പാട്

- കുട്ടികളുടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതി ആവിഷ്കരിക്കും
- സ്ക്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും കൂടുതൽ ആകർഷകമാക്കുകയും ചെയ്യും.
- ക്ലാസ് മുറികൾ ഹൈടെക് ആക്കും.
- കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കും
- പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും.
- പ്രീസ്ക്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും.
- കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും.
- വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
- പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കിക്കൊണ്ട് അനന്യമായ കേരള മാതൃക സൃഷ്ടിക്കും.

# കാഴ്ചപ്പാട് ഒരു എത്തിനോട്ടം...

**മികച്ച വിദ്യാലയം - ഭൗതിക സാഹചര്യം**

- കുട്ടികളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് അനുയോജ്യമായതും അസംബ്ലിക്ക് മാത്രമായി പ്രത്യേകം ഒരുക്കിയതുമായ സ്ഥലം
- ആവശ്യത്തിന് കെട്ടിടങ്ങളോടുകൂടിയ സംവിധാനം
- ആകർഷകമായ പൂന്തോട്ടം
- മാലിന്യ നിക്ഷേപത്തിനും സംസ്കരണത്തിനും ആവശ്യമായ സംവിധാനം
- പഠനത്തിന് കൈത്താങ്ങാവുന്ന വിധത്തിലുള്ള ജൈവവൈവിധ്യം
- പഠനബോധനപ്രവർത്തനങ്ങൾക്ക് അനുഗുണമായ വിദ്യാലയ പരിസരം
- സ്പോട്സ് ഇനങ്ങൾക്കെല്ലാം യോജിച്ച തരത്തിലുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കും.
- നാടൻ കലകൾക്കും കായിക പരിശീലനങ്ങൾക്കും സൗകര്യം ഒരുക്കും.
- എല്ലാ ക്ലാസ് മുറികളിലും ആവശ്യത്തിന് ഫർണിച്ചറുകൾ ഒരുക്കും.

**ലൈബ്രറി**

- ആഴ്ചപ്പതിപ്പുകൾ മാസികകൾ, വർത്തമാന പത്രങ്ങൾ എന്നിവ മുടക്കം വരാതെ വരുത്തും.
- ഇ-ബുക്കുകളും ഡിജിറ്റൽ വസ്തുക്കളും ലഭ്യമാക്കും
- രക്ഷിതാക്കൾക്കും പുസ്തകങ്ങൾ നൽകുവാനുള്ള അവസരമൊരുക്കും
- വേണ്ടത്ര സൗകര്യമുള്ള വായനാസ്ഥലം ഒരുക്കും.

**ലാബ്**

- സംസ്ഥാന മാനദണ്ഡങ്ങൾക്കനുസൃതമായി എല്ലാ വിധ സംവിധാനങ്ങളോടുകൂടിയ ലാബ്.
- ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കംപ്യൂട്ടറുകൾ
- കാലാനുസൃതവും അനുയോജ്യവുമായ ഡിജിറ്റൽ പഠനോപകരണങ്ങളും സോഫ്റ്റ് വെയറുകളും.

അന്വേഷകനായ അധ്യാപകർ

- രക്ഷിതാക്കൾ, മറ്റു കുട്ടികൾ എന്നിവരിൽ നിന്ന് അധ്യാപകർ ശാസ്ത്രീയമായി (ചോദ്യാവലി, ചെക്ക് ലിസ്റ്റ്) വിവരങ്ങൾ ശേഖരിക്കൽ
- ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ വ്യക്തിഗത പഠനരീതി, കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞ് ശാക്തീകരിക്കൽ.
- സ്വയം മുൻകൈയെടുത്തുകൊണ്ട് ആവശ്യമുള്ള സന്ദർഭങ്ങളിൽ സഹാധ്യാപകരുടെ പിന്തുണ, ആവശ്യമായ വിഭവസ്രോതസ്സുകൾ എന്നിവ ഉപയോഗപ്പെടുത്തി അവരുടെ വിഷയ പരിജ്ഞാനവും നൈപുണികളും മെച്ചപ്പെടുത്തൽ.

അധ്യാപകന്റെ റോൾ

- പരസ്പര വിനിമയത്തിന് അനുകൂലവും അനുയോജ്യവുമായ പഠനാന്തരീക്ഷം ഒരുക്കൽ.
- അഭിപ്രായങ്ങൾ തുറന്നു പറയുന്നതിന് അവസരം നൽകൽ.
- സമസംഘ പഠനസാധ്യതകൾ പ്രോത്സാഹിപ്പിക്കൽ
- കുട്ടികളുടെ പഠനാവശ്യം, പഠനരീതി ഇവയ്ക്കനുസൃതമായി പഠനാസൂത്രണം നടത്തൽ.
- ഫലപ്രദമായ പഠനോപകരണങ്ങൾ പ്രയോജനപ്പെടുത്തൽ
- ആവശ്യാനുസരണം ബോധനരീതികൾ തെരഞ്ഞെടുത്ത് പ്രയോഗിക്കൽ (നിരീക്ഷണം, പര്യവേഷണം, കണ്ടെത്തൽ പഠനം, അപഗ്രഥനം, പ്രശ്നനിർദ്ധാരണം, ചിത്രീകരണം...)
- കുട്ടികളുടെ സഹായത്തോടെ അവരുടെ ആവശ്യത്തിനനുസൃതമായ പഠനസാമഗ്രികൾ നിർമ്മിക്കൽ.
- പഠിതാവും അധ്യാപകരും ചേർന്ന് ക്ലാസ് മാനേജ്മെന്റ് നിയമങ്ങൾ തയ്യാറാക്കൽ
- കൂട്ടായി തയ്യാറാക്കിയ ക്ലാസ്റൂം നിയമങ്ങൾ പാലിക്കൽ

നിരന്തര വിലയിരുത്തൽ

- പഠനബോധന പ്രവർത്തനങ്ങളുടെ അവിഭാജ്യഘടകമായി വിലയിരുത്തലിനെ പരിഗണിക്കുന്നു.
- പഠിതാവിനെ പഠനപ്രവർത്തനത്തിലുടനീളം വിലയിരുത്തുന്നു.
- പഠിതാവിന്റെ മുൻകാല വിലയിരുത്തൽ രേഖകൾ പരിശോധിച്ച് നിലവിലുള്ള പഠനനിലയുമായി ചേർത്ത് വച്ച് താരതമ്യം ചെയ്യുന്നു.

- പഠിതാവിന്റെ പാഠ്യേതര മേഖലയിലുള്ള (വ്യക്തിപരവും സാമൂഹ്യപരവുമായതുൾപ്പടെ) കഴിവുകൾ കണ്ടെത്തി മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നു.

**സാമൂഹ്യ പങ്കാളിത്തം**

- വിദ്യാലയ വികസന ആവശ്യങ്ങൾ കണ്ടെത്തുന്നതിനും മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും സഹായിക്കൽ
- വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനായി അതിന്റെ നടത്തിപ്പിലും മേൽനോട്ടത്തിലും പങ്കെടുക്കൽ.
- വിദ്യാലയവും സമൂഹവും സംയുക്തമായി വിദ്യാലയത്തിന്റെ ആവശ്യങ്ങൾ വിലയിരുത്തൽ.
- ലഭ്യമായ വിഭവങ്ങൾ കണ്ടെത്തി ഫലപ്രദമായി ഉപയോഗിച്ച് വിദ്യാലയ വികസനത്തിനായി പ്രയോജനപ്പെടുത്തൽ
- വിദ്യാലയത്തിനകത്തും പുറത്തും മുഴുവൻ സ്ഥലവും പഠനപ്രവർത്തനങ്ങൾക്കിണങ്ങുന്ന രീതിയിലേക്ക് മാറ്റൽ.
- സാമൂഹപങ്കാളിത്തത്തോടെ ജൈവപച്ചക്കറിത്തോട്ടം പൂന്തോട്ടം, ഔഷധസസ്യങ്ങൾ, എന്നിവ വച്ചുപിടിപ്പിക്കൽ, സംരക്ഷിക്കൽ, കൂടുകൾ സ്പോൺസർ ചെയ്യിക്കൽ
- വിദഗ്ധരുടെ സേവനം വിദ്യാലയത്തിലെത്തിക്കൽ , അവരുമായുള്ള അഭിമുഖങ്ങളിലൂടെ അറിവുകൾ ശേഖരിക്കൽ
- സമൂഹ നന്മക്കായി വിവിധ പരിപാടികൾ വിദ്യാലയം ഏറ്റെടുത്ത് നടത്തൽ (ശുചിത്വ പരിപാടികൾ, സാക്ഷരതാ പരിപാടികൾ മുതലായവ)

**കുട്ടികളുടെ സുരക്ഷ**

- അഗ്നിശമന ഉപകരണങ്ങൾ എല്ലാ കെട്ടിടങ്ങളിലും ഉറപ്പാക്കൽ
- സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ഉറപ്പാക്കൽ
- വിദ്യാലയ സുരക്ഷാ ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കൽ
- റോഡ് സുരക്ഷാ, വിദ്യാലയ സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസുകൾ സുരക്ഷാ പരിശീലന പ്രവർത്തനങ്ങൾ എന്നിവയെ പഠനപ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കൽ.

കുട്ടികളുടെ മാനസിക സുരക്ഷ

- പഠനപരിസരത്തുണ്ടാകേണ്ട പരസ്പര സ്നേഹബന്ധം, പരസ്പര വിശ്വാസം, പരസ്പരാശ്രിതത്വം തുടങ്ങിയ മൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ കുട്ടികളിൽ ഉറപ്പിക്കാൻ പാകത്തിലുള്ള പഠനാന്തരീക്ഷം വിദ്യാലയത്തിൽ സാധ്യമാക്കൽ
- വിദ്യാലയത്തിൽ കുട്ടികളുടെ മാനസിക സുരക്ഷാ നയങ്ങളും (ബാലവേല, ബാലപീഡനം, റാഗിംഗ്) നിയമങ്ങളും ശരിയായ രീതിയിൽ നടപ്പാക്കൽ.
- കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ യഥാവിധി കൈകാര്യം ചെയ്യുന്നതിന് സഹായകമായ സമിതികൾ രൂപീകരിക്കൽ
- പഠനഭാരം കൊണ്ടും സമ്മർദ്ദം കൊണ്ടും ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങളെ തരണം ചെയ്യാൻ വേണ്ട കൗൺസിലിംഗ് കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകൽ.

കുട്ടികളുടെ ആരോഗ്യം

- വിദ്യാലയവും എസ്.എം.സിയും ഏകോപനത്തോടെ വിദ്യാലയ ശുചിത്വത്തെ മോണിറ്റർ ചെയ്യാൻ
- പരിശീലന പരിപാടികൾ, ആരോഗ്യ ശില്പശാലകൾ, രക്ഷകർത്താക്കൾക്കുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കൽ.
- ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച പരിപാടികൾ സംഘടിപ്പിക്കൽ. കുട്ടികൾക്കുള്ള വൈദ്യോപദേശങ്ങൾ നൽകൽ.
- വിവിധ മേഖലയിൽ പ്രാവീണ്യമുള്ള ഡോക്ടർമാരുടെ ഇടവിട്ടുള്ള പരിശോധനകൾ നടത്തൽ, മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കൽ.

ശുചിത്വ വിദ്യാലയം

- ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും തരംതിരിച്ച് യഥാവിധം സംസ്കരിക്കൽ.
- പ്ലാസ്റ്റിക് വിരുദ്ധ കാമ്പസ് എന്ന ആശയം നടപ്പിലാക്കൽ
- ശുചിത്വസേന, ആരോഗ്യ ക്ലബ്ബ് എന്നിവ ജാഗ്രതയോടെ പ്രവർത്തിപ്പിക്കൽ
- ഹെൽത്ത് ഇൻസ്പെക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവരുടെ സേവനം ഉറപ്പാക്കൽ
- വ്യായാമമുറകൾ പരിശീലിപ്പിക്കുകയും ശാരീരിക ക്ഷമത നിലനിർത്താന ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യൽ
- തിളപ്പിച്ച കുടിവെള്ളം ഓരോ ക്ലാസ്സിലും ലഭ്യമാക്കുന്നതിനുള്ള സംവിധാനമൊരുക്കൽ
- വേണ്ടത്ര കൈകഴുകൽ കേന്ദ്രങ്ങളും സോപ്പും ഒരുക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ:

- എസ്.ആർ. ജി. യോഗത്തിൽ ചെമ്പൂര് എൽ.പി.എസ്. - വിഷൻ 2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

- വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടു രൂപരേഖ തയ്യാറാക്കൽ .

- കരടു രൂപരേഖ എസ്.ആർ.ജി., എസ്.എം.സി., പി.റ്റി.എ. ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ

- നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

- പി.റ്റി.എ. നേതൃത്വത്തിൽ പദ്ധതി രൂപരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാവിശകലനം

2024-25 അധ്യയന വർഷത്തിൽ LKG തലം മുതൽ 4-ാം തരം വരെ മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലായി 340 കുട്ടികൾ പഠിക്കുന്നുണ്ട്. പ്രധമാധ്യാപിക ഉൾപ്പെടെ പതിനൊന്ന് സ്ഥിരം അധ്യാപകരും ഒരു PTCM ഉം, ഗവൺമെന്റ് അംഗീകരിച്ച രണ്ട് പ്രീ-പ്രൈമറി അധ്യാപകരും, ഒരു ആയയും, രണ്ട് താൽക്കാലിക അധ്യാപികമാരും, ഒരു പാചകത്തൊഴിലാളിയും, രണ്ട് ബസ്സ് ഡ്രൈവർമാരും, രണ്ട് ബസ്സ് ആയമാരും ഉൾപ്പെടുന്നതാണ് ഞങ്ങളുടെ കുടുംബം.

2014-15 അധ്യയന വർഷത്തിൽ സ്കൂളിന് ISO അംഗീകാരം ലഭിച്ചു. ആറ്റിങ്ങൽ BRC യുടെ കീഴിലുള്ള സ്കൂളുകളിൽ മുൻനിരയിലാണ് ഗവ: L.P.S ചെമ്പൂര്. മധ്യവേനലവധിക്കാലത്ത് എല്ലാ കുട്ടികളുടെയും "വീട്ടിലേയ്ക്കൊരു യാത്ര" നടത്തി അവർക്ക് വായിക്കാനാവശ്യമായ പുസ്തകങ്ങൾ എത്തിച്ചു കൊടുത്തു. വായന പരിപോഷിപ്പിക്കാൻ "കൂട്ടിനൊരു കുട്ടിലൈബ്രറി"യും ഇംഗ്ലീഷ് പരിജ്ഞാനം മെച്ചപ്പെടുത്താൻ "Can you here me" പ്രോഗ്രാം, പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ "കുട്ടിലൂക്ക ക്വിസ ക്ലബ്ബ്" എന്നിവ വിജയകരമായി നടപ്പിലാക്കുന്നു.

**ഭൗതികം-നേട്ടങ്ങൾ**

- 2023-24 PTA യുടെ പങ്കാളിത്തത്തോടെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഓഡിറ്റോറിയം
- മുദാക്കൽ പഞ്ചായത്തിൽ നിന്നും കുട്ടികൾക്ക് Urinals ഉം ടോയ്‌ലറ്റും

**ഭൗതികം-പരിമിതികൾ**

- സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി സൗകര്യം
- ഡൈനിംഗ് ഹാൾ
- കുട്ടികൾക്ക് കളിക്കാനുള്ള പാർക്ക്
- കായിക പരിശീലന ഉപകരണങ്ങൾ
- എല്ലാ ക്ലാസ്സ്റൂമും ഹൈടെക് ആക്കൽ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ▪ ഭാഷാ ശേഷി വികസം<br>▪ ഗണിതശേഷി വികസനം<br>▪ ഇംഗ്ലീഷ് പഠന പരിപോഷണം<br>▪ ശാസ്ത്രപോഷണ പരിപാടി<br>▪ വായനാ പരിപോഷണം<br>▪ ലൈബ്രറി ശാക്തീകരണം.<br>▪ ജൈവവൈവിധ്യ പാർക്ക്<br>▪ സാഹിത്യ പോഷണ പരിപാടികൾ<br>▪ പച്ചക്കറിത്തോട്ടം<br>▪ പഠനയാത്രകൾ<br>▪ സെമിനാറുകൾ<br>▪ കലാകായിക മേള<br>▪ അഭിമുഖങ്ങൾ<br>▪ ദിനാചരണം<br>▪ കുട്ടീസ് റേഡിയോ<br>▪ പുസ്തകത്തൊട്ടിൽ<br>▪ മിന്നും താരം.<br>▪ കുപ്പയിൽ നിന്നും സ്വീകരണമുറിയിലേക്ക്<br>▪ എഴുത്തുപെട്ടി.<br>▪ നാടിന്റെ നന്മക്ക്. | ▪ ചിൽഡ്രൻസ് പാർക്ക്<br>▪ ക്ലാസ്സ് മുറികൾ<br>▪ സ്റ്റാഫ് മുറി<br>▪ ലൈബ്രറി<br>▪ മൾട്ടി മീഡിയ റൂം<br>▪ അടുക്കള<br>▪ ഡൈനിംഗ് ഹാൾ.<br>▪ ലബോറട്ടറി<br>▪ ജന്മദിന പുസ്തകം<br>▪ | ▪ വിദ്യാലയ വിഭവങ്ങൾ സാമൂഹത്തിനു കൂടിപ്രയോജനപ്പെടുത്തൽ<br>▪ പൊതു സാമൂഹത്തിന് അവധി ദിവസങ്ങളിൽ കംപ്യൂട്ടർ പരിശീലനം.<br>▪ അമ്മക്കൂട്ടം<br>▪ കാരണവർക്കൂട്ടം<br>▪ സ്ക്കൂൾ കലണ്ടർ<br>▪ മികവുറ്റ സ്ക്കൂളിലേക്ക് പഠനയാത്ര.<br>▪ പി.റ്റി.എ., എം.പി.റ്റി.എ. സർഗ്ഗോത്സവം.<br>▪ സ്റ്റാർട്ട് അപ്സ്.<br>▪ വായനാക്കൂട്ടം.<br>▪ അമ്മക്കൂട്ടത്തിന് ഇ-സാക്ഷരത.<br>▪ അങ്കണവാടി കലോത്സവം.<br>▪ പൂർവ്വ വിദ്യാർത്ഥി സംഗമം<br>▪ പൂർവ്വാദ്ധ്യാപക സംഗമം.<br>▪ |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | • ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.<br>• അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | --- |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി.

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുന്നതിനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | ------ |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | • ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്തങ്ങളായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി സദസിനു മുൻപിൽ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപിക | 3,000 - പി.റ്റി.എ. |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും ഒരു വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | എച്ച്.എം., ഇംഗ്ലീഷ് അദ്ധ്യാപിക | പി.റ്റി.എ. |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്.

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവു നേടൽ | അവധിക്കാലത്ത് വ്യാകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ , ഇംഗ്ലീഷ് ടീച്ചർ | പി.റ്റി.എ. |

പ്രവർത്തനം 6

പ്രവർത്തനത്തിന്റെ പേര് : വിവർത്തനം തയ്യാറാക്കൽ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തനതായ വിവർത്തന പാഠവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |

പ്രവർത്തനം 7

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത്.

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കത്തുകളിലൂടെയുള്ള പഠനം | സ്കൂളിലെ ഒരുമാസത്തെ പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി കത്തിടപാടിലൂടെ പങ്കുവയ്ക്കാം | പ്രതമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ | 500/- പി.റ്റി.എ. |

പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര് : കളിക്കാം പഠിക്കാം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെ പഠിക്കാം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത സമയം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം 9

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണുവാൻ വിധത്തിൽ പൊതു സ്ഥലത്ത് ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | 500/- പി.റ്റി.എ. |

പ്രവർത്തനം 10

പ്രവർത്തനത്തിന്റെ പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുമായി അനുഭവങ്ങൾ പങ്കുവയ്ക്കൽ | വർഷത്തിൽ 3 പ്രാവശ്യം | പി.റ്റി.എ. | പി.റ്റി.എ. |

പ്രവർത്തനം 11

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗ്രന്ഥ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കുക. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ വീട് സന്ദർശനത്തിലൂടെ സമാഹരിക്കുക, തരം തിരിച്ച് ക്രമീകരിക്കുക, വിതരണ രജിസ്റ്റർ തയ്യാറാക്കൽ | ദ്വൈമാസ പരിപാടി. | പി.റ്റി.എ., ലൈബ്രറി ചാർജുള്ള അദ്ധ്യാപകർ | 1000/-, പി.റ്റി.എ. |

പ്രവർത്തനം 12

പ്രവർത്തനത്തിന്റെ പേര് : നാടക കളരി

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | ബാല സാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | |

പ്രവർത്തനം 13

പ്രവർത്തനത്തിന്റെ പേര് : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവു സമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയം | എസ്. ആർ.ജി. | |

പ്രവർത്തനം 14

പ്രവർത്തനത്തിന്റെ പേര് : ക്ലാസ്സ് ലൈബ്രറിയുടെ ക്രമീകരണം

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയെ പ്രോത്സാഹിപ്പിക്കുക | ജന്മദിന പുസ്തകം ക്ലാസ്സ് ടീച്ചറും കുട്ടികളും അവരവരുടെ ജന്മദിനത്തിന് ഒരു പുസ്തകം വീതം ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുക. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കുക | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ. | |

പ്രവർത്തനം 15

പ്രവർത്തനത്തിന്റെ പേര് : മാഗസിൻ തയ്യാറാക്കാം

ഉപമേഖല : ഭാഷാ ശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരം ഒരുക്കൽ | 25 കവികൾ- 25 കവിതകൾ. 25 കുട്ടികൾക്ക് 25 കവികളുടെ പേരുകൾ നൽകുന്നു. ഓരോകുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ പ്രസിദ്ധമായ ഒരു കവിതയും കവിയുടെ ചെറു ജീവചരിത്രവും തയ്യാറാക്കുന്നു. പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. | പ്രതിവർഷ പരിപാടി. | എസ്. ആർ.ജി. പി.റ്റി.എ. | 1500/- പി.റ്റി.എ. |

പ്രവർത്തനം 16

പ്രവർത്തനത്തിന്റെ പേര് : അഭിമുഖങ്ങൾ സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരൻമാരുമായി അഭിമുഖം നടത്തൽ | പ്രതിവർഷം | എസ്.എം.സി. പി.ടി.എ. | 2500/- |

പ്രവർത്തനം 17

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ.ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | 2000/- പി.ടി.എ. |

പ്രവർത്തനം 18

പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ് സജ്ജീകരിക്കുക

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | 4000/- പി.ടി.എ. |

പ്രവർത്തനം 19

പ്രവർത്തനത്തിന്റെ പേര് : കാണാം പഠിക്കാം

ഉപമേഖല : ശാസ്ത്ര മാജിക്കുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കൽ, അവയുടെ പ്രവർത്തന ക്രമം ചിത്രം എന്നിവ പ്രത്യേക ബുക്കിൽ വരച്ച് രേഖപ്പെടുത്തൽ | 2 ആഴ്ചയിൽ ഒരിക്കൽ | എസ്.ആർ.ജി. | |

പ്രവർത്തനം 20

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ് സജ്ജീകരിക്കൽ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ വസ്തുക്കളും ഉപകരണങ്ങളും ഇനം തിരിച്ച് ക്രമീകരിക്കൽ, | ആറ് മാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | --- |

പ്രവർത്തനം 21

പ്രവർത്തനത്തിന്റെ പേര് : പ്രതിഭാ പോഷണ പരിപാടി

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദക്ത പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിവസങ്ങളിൽ സംഘടിപ്പിക്കൽ | ഒഴിവു ദിവസങ്ങൾ | എസ്.ആർ.ജി. | 3000/- എസ്.ആർ ജി., എസ്.എസ്. ജി. |

പ്രവർത്തനം 22

പ്രവർത്തനത്തിന്റെ പേര് : ഫീൽഡ് ട്രിപ്.

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ പഠനവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | വർഷത്തിൽ രണ്ടോ മൂന്നോ തവണ | സയൻസ് ക്ലബ്ബ് , പി.ടി.എ. | 5000/- |

പ്രവർത്തനം 23

പ്രവർത്തനത്തിന്റെ പേര് : പതിപ്പ് തയ്യാറാക്കൽ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട വ്യത്യസ്ത വിഷയങ്ങൾ കണ്ടെത്തി പതിപ്പുകൾ തയ്യാറാക്കൽ. | ഉദാഹരണം: ഫാസ്റ്റ് ഫുഡ്; ഫാസ്റ്റ് ടു ഡെത്ത്; കടകളിൽ നിന്നും വാങ്ങുന്ന വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തൽ ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി അവയുടെ ദോഷങ്ങൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | --- | സയൻസ് ടീച്ചർ | -- |

പ്രവർത്തനം 24

പ്രവർത്തനത്തിന്റെ പേര് : മേളകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസിലാക്കൽ | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 5000/- |

പ്രവർത്തനം 25

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലാബ്.

ഉപമേഖല : സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 6000/- |

പ്രവർത്തനം 26

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യ ശാസ്ത്ര ലൈബ്രറി കോർണർ

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | അധിക വായനക്കുള്ള പുസ്തകങ്ങൾ അറ്റ്ലസുകൾ ഇയർബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 3500/- |

പ്രവർത്തനം 27

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും ഓരോ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുക | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 250/- |

പ്രവർത്തനം 28

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം | എസ്.ആർ.ജി., എസ്.എസ്.ജി. | 3500/- |

പ്രവർത്തനം 29

പ്രവർത്തനത്തിന്റെ പേര് : ചരിത്ര കലണ്ടർ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്ക് താഴെയായി ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടുത്തുക. | പ്രതിദിനം | എസ്.ആർ.ജി. | ---- |

പ്രവർത്തനം 30

പ്രവർത്തനത്തിന്റെ പേര് : എംബ്ലം പുരാണം.

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതു സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടാം | നമ്മുടെ നാട്ടിലെ വിവിധപൊതുമേഖല സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം ശേഖരിക്കണം ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം /പദ്ധതി എന്നിവയുടെ പ്രവർത്തനം എംബ്ലത്തിനു താഴെയായി എഴുതി തയ്യാറാക്കണം | വർഷത്തിൽ ഒരിക്കൽ | പി.ടി. എ. , എസ്.ആർ.ജി. | |

പ്രവർത്തനം 31

പ്രവർത്തനത്തിന്റെ പേര് : വർക്ക് ഷീറ്റ് നിർമ്മിക്കാം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബാല സാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ച് കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. അതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കാം | മാസത്തിൽ രണ്ട് പ്രാവശ്യം | എസ്.ആർ.ജി. | ----- |

പ്രവർത്തനം 32

പ്രവർത്തനത്തിന്റെ പേര് : ചിത്രരചനാ കളരി.

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടാം | വെക്കേഷൻ കാലത്ത് അഞ്ച് ദിവസം നിലനിൽക്കുന്ന ചിത്രരചനാ പരിശീലനം | മധ്യവേന ലവധിക്കാലം | എസ്.ആർ.ജി. | 7500/- |

പ്രവർത്തനം 33

പ്രവർത്തനത്തിന്റെ പേര് : ഈസി ഇംഗ്ലീഷ്.

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം തരം നാലാം തരം വരെയുള്ള കുട്ടികൾക്ക " ഇംഗ്ലീഷ് പഠനത്തിൽ താത്പര്യം ജനിപ്പിക്കുക. | • കുട്ടികൾക്ക് ഇംഗ്ലീഷിലുള്ള ഓഡിയോ വീഡിയോ ക്ലിപ്പുകൾ കാണുന്നതിനും കേൾക്കുന്നതിനുമുള്ള അവസരം<br>• ഓരോ ക്ലാസ്സിലും ഇംഗ്ലഷ് പാഠഭാഗവുമായി ബന്ധപ്പെട്ട റീഡിംഗ് മെറ്റീരിയലുകൾ തയ്യാറാക്കി അതിന്റെ സഹായത്തോടെ വായനയുടെവിവിധ രീതികൾ പരിചയപ്പെടുത്തൽ<br>• വായനക്ക് താത്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള ചെറിയ കഥാ പുസ്തകങ്ങൾ, കവിതാ പുസ്തകങ്ങൾ, എന്നിവ ഓരോ ക്ലാസ്സിലും സജ്ജീകരിക്കൽ<br>• വായനാ സമയം 9-9.45 വരെയും 1-1.30 വരെയും ക്രമപ്പെടുത്തൽ<br>• ചെറിയ ഇംഗ്ലീഷ് മാഗസിനുകൾ, കഥാപുസ്തകങ്ങൾ എന്നിവ ക്ലാസ്സ് നിലവാരത്തിനനുസരിച്ച് വിതരണം ചെയ്യൽ<br>• ഓരോ ക്ലാസ്സിലും രൂപപ്പെടുന്ന മികച്ച സ്കിറ്റുകളും സംഭാഷണങ്ങളും അസ്സംബ്ലികളിൽ അവതരിപ്പിക്കൽ | വർഷം മുഴുവനും | ഇംഗ്ലീഷ് അദ്ധ്യാപിക | ------ |

പ്രവർത്തനം 34

പ്രവർത്തനത്തിന്റെ പേര് : പൊതിച്ചോറ്.

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്ധ്യാർത്ഥികളും ഓരോ ഭക്ഷണപ്പൊതി വീതം കൊണ്ടുവന്ന് സമീപത്തുള്ള അനാഥാലയത്തിലേക്ക് ഈ പൊതിച്ചോറ് ഉച്ചഭക്ഷണമായി എത്തിക്കുന്നു | വർഷത്തിൽ നാല് പ്രാവശ്യം | എസ്.ആർ.ജി. | -------- |

പ്രവർത്തനം 35

പ്രവർത്തനത്തിന്റെ പേര് : വായനാക്കൂട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ പരമാവധി പ്രയോജനപ്പെടുത്തൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, വായനയോട് താത്പര്യമുള്ള നാട്ടിലെ മറ്റുള്ളവർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ അവസരം നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ. | വർഷം മുഴുവനും | എസ്.എം സി. | ----- |

പ്രവർത്തനം 36

പ്രവർത്തനത്തിന്റെ പേര് : പുതിയ മന്ദിരം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | രണ്ട് ക്ലാസ്സ് മുറിയും നിലവിലുള്ള ഒരു ക്ലാസ്സ് മുറിയും ഹൈടെക്ക് ആക്കലും, ഒപ്പം അടുക്കളയുടെ മെയിന്റനൻസ് | രണ്ട് വർഷം | പി.റ്റി.എ., എൽ.എസ്. ജി.ഡി. | 2.5 ലക്ഷം എം.എൽ.എ. ഫണ്ട്. |

പ്രവർത്തനം 37

പ്രവർത്തനത്തിന്റെ പേര് : കിഡ്സ് പാർക്ക്.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധിയെടുക്കൽ | പ്രധാനമന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ | 2 വർഷം | പി.റ്റി.എ., എൽ.എസ്.ജി.ഡി. | 40 ലക്ഷം |

പ്രവർത്തനം 38

പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്കരണം.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം. | 1 വർഷം | എസ്.എസ്.ജി. | 1 ലക്ഷം |

പ്രവർത്തനം 39

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ അപ്ഗ്രേഡ് ചെയ്യൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | ആറ് മുറിയുള്ള ഒരു ഇരുനില കെട്ടിടം , ജൈവവൈവിധ്യ പാർക്ക് നവീകരിക്കൽ | 3 വർഷം | പി.റ്റി.എ. , എൽ.എസ്.ജി.ഡി. | |

പ്രവർത്തനം 40

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥിസംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ , അവരുടെ മുൻപിൽ വിദ്യാലയത്തിന്റെ അവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ | വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ, പി.റ്റി.എ. | 5000/- |

പ്രവർത്തനം 41

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ അദ്ധ്യാപകസംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ച് ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 2500/- |

പ്രവർത്തനം 42

പ്രവർത്തനത്തിന്റെ പേര് : അങ്കണവാടി കലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കൽ, നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം. | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്ന് നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.റ്റി.എ. | 10000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 43

പ്രവർത്തനത്തിന്റെ പേര് : അമ്മക്കൂട്ടം.

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളാക്കി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. അതിന്റെ ചുമതല തിരഞ്ഞെടുക്കപ്പെട്ട അമ്മമാർക്ക് നൽകുന്നു. കൂടാതെ ഓരോ ടേമിലും ഒരു ദിവസം വിവിധ മികവുകളുടെ അവതരണവും നടത്തുന്നു. ആഴ്ചയിൽ ഒരു ദിവസം അമ്മമാർ ഒത്തുകൂടി ക്വിസ് സംഘടിപ്പിക്കൽ, മറ്റ് പരിപാടികൾ ആസൂത്രണം ചെയ്യൽ | ഓരോ ടേമിലും ഒന്നു വീതം മികവുകളുടെ അവതരണം. ആഴ്ചയിൽ ഒരു ദിവസം അമ്മക്കൂട്ടം ഒത്തുചേരൽ. | എസ്.ആർ.ജി. , പി.റ്റി.എ. | |

പ്രവർത്തനം 44

പ്രവർത്തനത്തിന്റെ പേര് : അമ്മക്കൂട്ടത്തിന് ഇ-സാക്ഷരത.

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കാം. | അവധി ദിവസങ്ങളിൽ അമ്മമാർക്ക് കംപ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം. | എച്ച്.എം., എസ്.ഐ.റ്റി.സി. | |

പ്രവർത്തനം 45

പ്രവർത്തനത്തിന്റെ പേര് : സ്റ്റാർട്ട് അപ്സ്.

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തവും വരുമാനവും വർദ്ധിപ്പിക്കൽ | അമ്മക്കൂട്ടത്തിന്റെ നേതൃത്വത്തിൽ തയ്യൽ യൂണിറ്റ് പുനർ ആരംഭിക്കുന്നു. | | പി.റ്റി.എ. | 25000/- |

പ്രവർത്തനം 46

പ്രവർത്തനത്തിന്റെ പേര് : മികവുറ്റ സ്ക്കൂളിലേക്ക് പഠനയാത്ര.

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക. | മികവാർന്ന വിധത്തിൽ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.റ്റി.എ., എസ്.ആർ.ജി. | 3000/- പി.റ്റി.എ. |

പ്രവർത്തനം 47

പ്രവർത്തനത്തിന്റെ പേര് : പി.റ്റി.എ. എം.പി.റ്റി.എ. സർഗ്ഗോത്സവം.

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അദ്ധ്യാപക രക്ഷകർതൃ ബന്ധം ശക്തമാക്കുക. | പി.റ്റി.എ. അമ്മക്കൂട്ടം അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാ പരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കുക. കുട്ടികൾ രക്ഷകർത്താക്കൾക്ക് സമ്മാനം നൽകൽ , കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | എസ്.ആർ.ജി., പി.റ്റി.എ. | 5000/- പി.റ്റി.എ. ഫണ്ട്. |

പ്രവർത്തനം 48

പ്രവർത്തനത്തിന്റെ പേര് :. സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. , പി.റ്റി.എ. | 10000/- |

പ്രവർത്തനം 49

പ്രവർത്തനത്തിന്റെ പേര് :. കലാമണ്ഡപം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി ഒരു പരിശീലന കേന്ദ്രം ആരംഭിക്കണം, അവധി ദിവസങ്ങളിൽ പരിശീലനം. | അവധി ദിവസങ്ങൾ | ആർട്സ് ക്ലബ്ബ്. | പി.റ്റി.എ. |

പ്രവർത്തനം 50

പ്രവർത്തനത്തിന്റെ പേര് :. എഴുത്തുപെട്ടി.

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുപെട്ടി എന്ന ആശയവിനിമയ ഉപാധിയെക്കുറിച്ച് മനസിലാക്കുക. | • എഴുത്ത്പെട്ടി സ്ഥാപിക്കൽ<br>• പോസ്റ്റുമാൻ, പോസ്റ്റ് വുമൺ തെരെഞ്ഞെടുക്കൽ<br>• ഇടവേള സമയങ്ങളിൽ കത്തുകൾ സീലടിച്ച് പോസ്റ്റുമാൻ കുട്ടികളിൽ എത്തിക്കൽ. | ദീർഘകാലം | വിദ്യാർത്ഥികൾ | |

പ്രവർത്തനം 51

പ്രവർത്തനത്തിന്റെ പേര് : പുസ്തകത്തൊട്ടിൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശീലം വർദ്ധിപ്പിക്കുന്നു. സഹകരണമനോഭാവം വളർത്തൽ. | വീടുകളിൽ നിന്നുള്ള ബാലപ്രസിദ്ധീകരണങ്ങൾ അവർ വായിച്ചതിനു ശേഷം പുസ്തകത്തൊട്ടിലിൽ നിക്ഷേപിക്കൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രസ്തുത പുസ്തകം വായിക്കാൻ അവസരം നൽകൽ. | ദീർഘകാലം | വിദ്യാരംഗം | ----- |

പ്രവർത്തനം 52

പ്രവർത്തനത്തിന്റെ പേര് : മിന്നും താരം.

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | ഒരു ദിവസം മൂന്ന് ചോദ്യങ്ങൾ വീതം നോട്ടീസ് ബോർഡിൽ എഴുതുന്നു. കുട്ടികൾ എഴുതിയെടുക്കുന്നു. മാസാവസാനം സ്ക്കൂൾതല മത്സരം നടത്തി വിജയിയെ കണ്ടെത്തുന്നു. | ദീർഘകാലം | അദ്ധ്യാപകർ. | |

പ്രവർത്തനം 53

പ്രവർത്തനത്തിന്റെ പേര് : ലഹരിക്കെതിരെ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങൾ മനസിലാക്കുന്നതിന് | • സക്കൂൾ സാഹിത്യ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് മനസിലാക്കുന്നതിന് നാടിന്റെ നന്മക്ക് എന്ന തെരുവ് നാടകം അവതരിപ്പിക്കുന്നു.<br>• ചുമർ പത്രിക : ലഹരി ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങൾ ഉൾപ്പെടുന്ന ചിത്രങ്ങളും വിവരണങ്ങളും വാർത്തകളും ഉൾപ്പെടുത്തി ചുമർ പത്രിക തയ്യാറാക്കൽ. | | ലഹരിവിരുദ്ധ ക്ലബ്ബ്<br>അദ്ധ്യാപകർ | പി.റ്റി.എ. |

ാവർത്തനം : 54

ാവർത്തനത്തിന്റെ പേര് : I LOVE MY INDIA

ലഖ : വൈജ്ഞാനികം

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഇന്ത്യയിലെ സംസ്ഥാനങ്ങളെ കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ<br>• പത്രവായനയിലൂടെയുള്ള അറിവ് | • വാർത്തകൾ ശേഖരിക്കൽ<br>• സംസ്ഥാനങ്ങളുടെ വിവരശേഖരണം<br>• വാർത്തകൾ My India Board -ൽ ഡിസ്പ്ലേ ചെയ്യൽ<br>• ചുമതല വിഭജനവും അവതരണവും<br>• മേൽ പറഞ്ഞ പ്രവർത്തനങ്ങളുടെ പ്രശ്നോത്തരി | 1 year | അധ്യാപകർ | P T A |

ാവർത്തനം : 55

ാവർത്തനത്തിന്റെ പേര് : പറന്നുയരാം

ഖല : അക്കാദമികം

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ിവിധ വിഷയങ്ങളിൽ കുട്ടി ആർജിക്കേണ്ട പരമോന്നത ശേഷി ആർജിക്കുന്നതിന് | വിഷയം തിരിച്ച് ടാസ്കുകളായി നൽകുന്നു | 1 Year | അധ്യാപകർ | P T A |

വർത്തനം : 56
വർത്തനത്തിന്റെ പേര്: നിധിവേട്ട
ഖല : വൈജ്ഞാനികം

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ക്രിയകളിൽ പ്രാവീണ്യം പ്പിക്കൽ | • ക്രിയാകാർഡുകൾ നിർദ്ദേശമനുസരിച്ച് കണ്ടെത്തൽ<br>• വ്യക്തിപരമായും സംഘമായും ഉത്തരം കണ്ടെത്തൽ<br>• Fun activity-ൽ ഏർപ്പെട്ടുകൊണ്ട് നിധിയുമായിതിരികെയെത്തൽ | 1 Year | അധ്യാപകർ | |

## പ്രവർത്തനം

### പ്രവർത്തനത്തിന്റെ പേര് എന്റെ ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സമഗ്ര ...ണമേന്മ ...വിദ്യഭ്യാസം ...ഉറപ്പാക്കുക. | 1) അക്ഷരക്കാർഡുകളിലൂടെയും പദക്കാർഡുകളിലൂടെയും അക്ഷരങ്ങൾ ഉറപ്പിക്കൽ<br>2) ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ<br>3) പദക്കാർഡുകളിലൂടെ<br>◆ വാക്യനിർമ്മാണം<br>◆ വായനക്കാർഡുകൾ വായന, എഴുത്ത്<br>◆ സ്വതന്ത്ര രചന<br>◆ വായിച്ച് ആസ്വദിക്കൽ | ലളിതമായവയിൽ നിന്നും സങ്കീർണ്ണമായവയിലേക്ക് എന്ന തരത്തിൽ 1 വർഷം നീണ്ടുനിൽക്കുന്നു. | ക്ലാസ്സ് ടീച്ചേഴ്സ് | |

# പ്രവർത്തനത്തിന്റെ പേര് : ഗണിതം മധുരം

## ഗണിതം

## ക്ലാസ്സ് 3,4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക. | 1) ഗണിത കളികൾ (ജ്യാമിതിയ രൂപങ്ങളെ തിരിച്ചറിയുന്നതിനും തരംതിരിക്കുന്നതിനും )<br>2) എന്റെ പാറ്റേൺ (വൈവിദ്ധ്യമുള്ള ചിത്ര പാറ്റേണുകൾ വരയ്ക്കൽ, പാറ്റേണിന്റെ യുക്തി സമർത്ഥിക്കുന്നു.)<br>3) ക്യൂബ് നിർമ്മാണം ( ത്രിമാന രൂപങ്ങളും ദ്വിമാന രൂപങ്ങളും ജ്യാമിതീയ രൂപങ്ങളിൽ എങ്ങനെ കണ്ടെത്താം)<br>4) ടാൻഗ്രാം ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, വ്യത്യസ്തങ്ങളായ രൂപങ്ങൾ സ്വന്തമായി നിർമ്മിക്കുന്നു. | ജൂൺ | ക്ലാസ്സ് ടീച്ചർ |

| | | | |
|---|---|---|---|
| | <u>ഗണിത കളികൾ</u><br>മൂന്നക്ക സംഖ്യകളുടെ വായന, നിരമ്മാണം, സ്ഥാനവില തിരിച്ചറിയൽ എന്നിവ ഉറപ്പിക്കുന്നതിനായി അരവിന്ദ് ഗുപ്ത സ്ലിപ്പപയോഗിച്ച് ഗണിത കളികളിൽ ഏർപ്പെടൽ.<br><br><u>അബാക്കസ്</u><br>• അബാക്കസ് ഉപയോഗിച്ച് മൂന്നക്ക, നാലക്ക സംഖ്യകളുടെ നിർമ്മാണം, മൂന്നക്ക, നാലക്ക സംഖ്യകളുടെ വ്യാഖ്യാനം എന്നീ ശേഷികൾ ഉറപ്പിക്കൽ.<br>• സ്വന്തമായി സംഖ്യാവ്യാമ്യാസം എഴുതൽ<br><br><u>നാണയങ്ങളും നോട്ടുകളും</u><br>നാണയങ്ങളും നോട്ടുകളും ഉപയോഗിച്ച് ഗണിത കളികളിൽ ഏർപ്പെടൽ. | ജൂലൈ | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം

പ്രവർത്തനത്തിന്റെ പേര്: എന്റെ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക. | 1.പ്രകൃതി നടത്തത്തിലൂടെ വിവിധതരം സസ്യങ്ങൾ പരിചയപ്പെടുന്നു. | | ക്ലാസ്സ് ടീച്ചർ |
| | 2.ITC സഹായത്തോടെ പൂക്കൾ,ഇലകൾ എന്നിവയിലെ വൈവിധ്യം തിരിച്ചറിയുന്നു. | ജൂൺ ജൂലൈ | |
| | 3.വിവധ വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു | | |
| | 4.ചിത്രങ്ങളിൽ നിന്ന് ജലസ്രോതസ്സുകൾ തിരിച്ചറിയുന്നു. | | |
| | 5.മണ്ണ് ഉപയോഗിച്ച് വിവിധ രൂപങ്ങൾ തയ്യാറാക്കുന്നു. | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ SRG |
| | 6.ചെറു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ...മഗ്ര ഗുണമേന്മ ...ിദ്യാഭ്യാസം ...ാപ്പാക്കുക. | 7. വ്യക്തി പരിസര ശുചിത്വ പോസ്റ്റർ നിർമ്മാണം<br>8. ബോധവൽക്കരണ ക്ലാസ്സുകൾ<br>9. സ്കിറ്റുകൾ തയ്യാറാക്കൽ<br>10. ആരോഗ്യ കാർഡ് തയ്യാറാക്കൽ<br>11. ഗതാഗത നിയമങ്ങൾ ബോധവൽക്കരണം<br>12. റോൾ പ്ലേ.<br>13. വ്യക്തി ശുചിത്വ പ്രവർത്തനങ്ങൾ<br>14. പരിസര ശുചിത്വ പ്രവർത്തനങ്ങൾ<br>15. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | സെപ്റ്റംബർ ഒക്ടോബർ<br><br><br><br>നവംബർ ഡിസംബർ<br><br><br>വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ<br>P.T.A.<br>S.R.G<br><br><br><br>ക്ലാസ്സ് ടീച്ചർ<br>P.T.A.<br>S.R.G |

മഖല : അക്കാദമികം　　　　　　　　　　വിഷയം : അറബി

പശ്നം : സ്വതന്ത്ര വായനയ്ക്ക് പ്രയാസം നേരിടുന്നു.　　　　　　പ്രവർത്തനം : 57

ക്ഷ്യം : എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക

| പവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ായിക്കാം ളരാം | അവസ്ഥാപഠനം | ജൂൺ 19-25 | AT | |
| | വിശകലനം | ജൂൺ-30 | AT | |
| | വായനാസാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ, പുസ്തകങ്ങൾ.....) | ജൂലൈ 1-15 | PTA,AC | |
| | തുടർ വായന | ജൂലൈ-15 മാർച്ച് -15 | AT | |
| | ആശയാവതരണം | Weekly | AC | |
| | വായനാ ഫെസ്റ്റ് | മാർച്ച് -10 | PTA,AC | |

പശ്നം : സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു.　　പ്രവർത്തനം : 58

ക്ഷ്യം : ആശയ വിനിമയശേഷി വർദ്ധിപ്പിക്കൽ

| പവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Valk with rabic | മെറ്റീരിയൽ ശേഖരിക്കൽ | July-1-15 | PTA,AC | |
| | കേൾക്കാം പറയാം | ജൂൺ മാർച്ച് | AT | |

പശ്നം : നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.　　　　പ്രവർത്തന : 59

ക്ഷ്യം : എല്ലാ കുട്ടികളെയും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തമാക്കുന്നു.

| പവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ളരുന്ന ിഘണ്ടു | നിഘണ്ടു പരിചയം | ജൂൺ- ആഗസ്റ്റ് | AT | |

| ...ർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ുന്ന ...ണ്ടു | എന്റെ സ്വന്തം നിഘണ്ടു | സെപ്റ്റംബർ -മാർച്ച് | AC | |

...നം : പദസമ്പത്തിന്റെ കുറവ് പ്രവർത്തനം : 60

...്യം : പദസമ്പത്ത് വർദ്ധിപ്പിക്കൽ, അക്ഷരങ്ങളുടെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയൽ

| ...ർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...ക്ഷരം ...ുപാട് | പദച്ചങ്ങല | ജൂൺ- മാർച്ച് | AT | |
| | പദപ്പയറ്റ് | Weekly | AT | |
| | അലിഫ് അറബിക് രൂപീകരണം | ജൂൺ-25 | | |
| | പ്രവർത്തനക്കലണ്ടർ തയ്യാറാക്കൽ | ജൂൺ-30 | | |
| ...്ത് ...ക്തികരണം | മഹാന്മാരെ അറിയൽ | ജൂലൈ-15 മാർച്ച്-15 weekly | AC | |
| | പതിപ്പ് നിർമ്മാണം | Quaterly | | |
| | ദിനാചരണങ്ങൾ, പോസ്റ്റർ | | | |

വിദ്യാർത്ഥിയെ മനസ്സിലാക്കുന്നതിലാണ്
വിദ്യാഭ്യാസത്തിന്റെ രഹസ്യം - എമേർസൺ

## സ്ക്കൂൾ ഏറ്റെടുക്കുന്ന തനത് പ്രവർത്തനങ്ങൾ :

### സ്ക്കൂൾ വാർത്തകൾ you-tube ലേക്ക്:

ആമുഖം: ഗവൺമെന്റ് എൽ.പി.സ്ക്കൂൾ ചെമ്പൂര് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടിയാണ് 'കിങ്ങിണിക്കൂട്ടം വിഷൻ മീഡിയ ചെമ്പൂര്' കുട്ടികൾ തന്നെ റിപ്പോർട്ടമാരും അവതാരകരും ആകുന്ന വിഷ്വൽ മീഡിയയാണിത്. സ്ക്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കാനും കുട്ടികളുടെ ദൃശ്യ-മാധ്യമ ആഭിമുഖ്യത്തെ അക്കാദമിക ശേഷികളുടെ വികസനത്തിന് ഉപയോഗപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

പ്രവർത്തനങ്ങൾ:

സ്ക്കൂളിൽ നടക്കുന്ന സംഭവങ്ങളെ കുട്ടികൾ വാർത്താ രൂപത്തിലാക്കുന്നു. വാർത്തകൾ ശേഖരിക്കുന്നതിനോടൊപ്പം ആവശ്യമായ വിഷ്വൽസ് അദ്ധ്യാപകരുടെ സഹായത്തോടെ ശേഖരിക്കുന്നു. തുടർന്ന് ഗ്രൂപ്പിൽ വാർത്തകൾ എഡിറ്റ് ചെയ്യുന്നു. ആവശ്യമായ മാറ്റങ്ങൾ അദ്ധ്യാപകരുടെ സഹായത്തോടെ ചെയ്യുന്നു.

വാർത്തകൾ സ്ക്രോളിംഗിനു വേണ്ടി തയ്യാറാക്കുന്നു. സ്ക്രോളിംഗ് വാർത്തകൾ വായിക്കുന്നത് റിക്കോർഡിംഗ് ചെയ്യുന്നു. വായിച്ചെടുത്ത വാർത്തൾ അദ്ധ്യാപകരുടെ സഹായത്തോടെ എഡിറ്റിംഗ് ചെയ്യുന്നു. ഇങ്ങനെ തയ്യാറാക്കുന്ന വാർത്ത പി.റ്റി.എ. യിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് യൂ.ട്യൂബിലേക്ക്.

ഫലങ്ങൾ :

- ✓ വർത്തകൾ വിദ്യാലയത്തിനു പുറത്ത് പോകാനും വിദ്യാലയ മികവുകളെ പൊതുജന സമക്ഷം എത്തിക്കുന്നതിനും ഇതു മൂലം സാധിക്കുന്നു.
- ✓ നാലാം ക്ലാസ്സിലെയും മൂന്നാം ക്ലാസ്സിലെയും മുഴുവൻ കുട്ടികളെയും ഇതിനായി ഉപയോഗപ്പെടുത്തുന്നു.
- ✓ കുട്ടികളുടെ വാർത്തകൾ രൂപപ്പെടുത്താനുള്ള കഴിവ് കൂടുന്നു.
- ✓ വാർത്തകൾക്ക് തലക്കെട്ടുകൾ നൽകാൻ കഴിയുന്നു.
- ✓ വാർത്തകൾ ഇംഗ്ലിഷിലും തയ്യാറാക്കപ്പെടുന്നു.
- ✓ വിദ്യാലയ മികവുകൾ സമൂഹത്തിൽ എത്തിക്കുന്നതിന് സാധിക്കുന്നു.

## ഒരു ദിനം ഒരു പുതുമ :

ടാലന്റ് ലാബിലേക്ക് ഒരു ചുവട് :

വ്യത്യസ്ഥമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിലും ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളും ഉള്ള എല്ലാ കുട്ടികൾക്കും ഉയർന്ന വിജയം കരസ്ഥമാക്കാൻ കഴിയുമെന്ന വിശ്വാസം 'ഒരു ദിനം ഒരു പുതുമ' എന്ന പരിപാടിയിലൂടെ യാഥാർത്ഥ്യമാകും. പഠനപുരോഗതി മാത്രമല്ല സ്വയം തിരിച്ചറിയൽ സർഗ്ഗാത്മക ചിന്ത നിരീക്ഷണ പാഠവം നേതൃത്വപാഠവം ആശയ വിനിമയ ശേഷി , സഹഭാവം തുടങ്ങിയവ ആർജ്ജിക്കുവാനും കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വിവിധ മേഖലകളിലേ കഴിവുകൾ തിരിച്ചറിയാനും ഈ പദ്ധതിയിലൂടെ കഴിയും.

ലക്ഷ്യങ്ങൾ :

- ✓ പൊതു വിദ്യാഭ്യാസരംഗത്ത് പുതിയ മാതൃകകൾ സൃഷ്ടിക്കുക.
- ✓ കലയിലൂടെ പഠനം എളുപ്പത്തിൽ സ്വായത്തമാക്കുക.
- ✓ സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരിക ബോധം വളർത്തുക.
- ✓ അവതരണശേഷി വിർദ്ധിപ്പിക്കുക.
- ✓ പൊതു സമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം പൊതു വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക.
- ✓ നേതൃത്വ പാടവം വികസിപ്പിക്കുക
- ✓ കുട്ടികളിൽ ആത്മ വിശ്വാസം വർദ്ധിപ്പിക്കുക.
- ✓ കുട്ടികളുടെ പഠന മികവ് സമൂഹവുമായി പങ്കുവയ്ക്കുക

പ്രവർത്തന രീതി :

വാർഷിക പദ്ധതിയിൽ സ്ക്കൂളിന്റെ തനത് പരിപാടിയായി ഒരു ദിനം ഒരു പുതുമ ഉൾപ്പെടുത്തും. ജൂൺ മാസം ആദ്യ എസ്.ആർ.ജി. യിൽ വിഷയാടിസ്ഥാനത്തിൽ അദ്ധ്യാപകർ ഓരോ പരിപാടി കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകും. ഓരോ ക്ലാസ്സിലെയും അവതരണരീതി എസ്.ആർ.ജി തീരുമാനിച്ച് അവതരണ കലണ്ടർ തയ്യാറാക്കും. അദ്ധ്യാപകരും കുട്ടികളും കൂട്ടായി ആലോചിച്ച് ഒന്നാമത്തെ അവതരണത്തിനുള്ള വിഷയം തീരുമാനിക്കും. അടുത്ത ഘട്ടത്തിൽ കുട്ടികൾ വിഷയം തീരുമാനിക്കുകയും അദ്ധ്യാപകർ അംഗീകരിക്കുകയും ആവിഷ്കാര രൂപം ക്ലാസ്സിൽ ഒന്നിച്ച് ആലോചിച്ച് ഉറപ്പാക്കുകയും ചെയ്യും. ആവിഷ്കരണത്തിനാവശ്യമായ വിവിരശേഖരണം ക്ലാസ്സ് മുറിക്ക് പുറത്തേക്കും വ്യാപിപ്പിക്കും. ശേഖരിച്ച വിവരങ്ങൾ പങ്കുവയ്ക്കുകയും രംഗഭാഷയിലേക്ക് മാറ്റി ഓരോ കുട്ടിയുടെയും റോൾ നിശ്ചയിച്ച് ചുമതലകൾ വിഭജിക്കുകയും ചെയ്യും.

നേട്ടങ്ങൾ :

- ✓ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദി ലഭിക്കുന്നു.
- ✓ ആസ്വാദക നിലവാരം ഉയരുന്നു.
- ✓ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- ✓ പരിമിതികളെയും വ്യത്യസ്തതകകളെയും തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു.
- ✓ ഭിന്നശേഷിക്കാരെയും ഒപ്പം കൂട്ടാൻ കഴിയുന്നു.
- ✓ സർഗ്ഗാത്മക ചിന്ത, നിരീക്ഷണ പാടവം ആശയ വിനിമയ ശേഷി, സഹഭാവം തുടങ്ങിയവ വളർത്താൻ സഹായിക്കുന്നു.

## കുപ്പയിൽ നിന്നും സ്വീകരണമുറിയിലേക്ക് :

ആമുഖം.

ഇന്നു നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് പരിസര മലിനീകരണമാണ്. ഇതിൽ പ്ലാസ്റ്റിക്കിനുള്ള പങ്ക് വളരെ വലുതാണ്. ഈ കാര്യം നമ്മുടെ കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനോടൊപ്പം സമൂഹത്തിലും ചില മാറ്റങ്ങളുണ്ടാക്കാൻ കഴിയണം എന്ന ചിന്തയാണ് ഞങ്ങളുടെ പ്രവർത്തനത്തിലുള്ള പ്രചോദനം

ലക്ഷ്യം :

പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും അലങ്കാര വസ്തുക്കളും പഠനോപകരണങ്ങളും നിർമ്മിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യത കണ്ടെത്തൽ.

പ്രവർത്തനങ്ങൾ :

- കുട്ടികൾ അവരവരുടെ വീടുകളിലെ പ്ലാസ്റ്റിക് കുപ്പികൾ കൊണ്ടുവരുന്നു.
- അദ്ധ്യാപകരുടെ സഹായത്തോടെ പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നു.
- നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം രണ്ടുമാസത്തിലൊരിക്കൽ.

നേട്ടങ്ങൾ :

- പ്ലാസ്റ്റിക് ഉൾപ്പടെയുള്ള പാഴ് വസ്തുക്കൾ അലങ്കാരവസ്തുക്കളും പഠനോപകരണങ്ങളുമാക്കാമെന്ന് ബോധ്യപ്പെടുത്താൻ കഴിയും.
- ഹരിതകേരള സന്ദേശം പ്രവർത്തനത്തിലൂടെ പ്രാവർത്തികമാക്കാൻ കഴിയും.

ൃവർത്തനം - 2025 ലെ തനതുപ്രവർത്തനം

ൃരേഖ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| രിസ്ഥിതിയെ റിച്ചും അവയുടെ ്രാധാന്യത്തെകുറി ം അവബോധം ളർത്തുക | ➢ വ്യക്തി ശുചിത്വം , പരിസര ശുചിത്വം ബോധവത്ക്കരണ ക്ലാസ്സ് | ആഗസ്റ്റ് | മീര ടീച്ചർ |
| | ➢ പ്ലാസ്റ്റിക്കിന് ഒരു ബദൽ പുനരുപയോഗ ദിനാചരണം. തുണി സഞ്ചികൾ പേപ്പർ ബക്കറ്റുകൾ തുടങ്ങിയവയുടെ നിർമ്മാണവും ഉപയോഗവും | സെപ്റ്റംബർ | ശാസ്ത്ര അധ്യാപിക |
| | ➢ ഏകദിന ക്യാംപ്- വാന നിരിക്ഷണം, ഓരോ കുട്ടിക്കും പരിക്ഷണം ചെയ്യാൻ അവസരം നൽകുന്നു | ഒക്ടോബർ | മലയാളം അധ്യാപകൻ |
| | ➢ വൈദ്യുതി ലാഭിക്കാം- ഊർജ്ജ സംരക്ഷണത്തിനുള്ള പ്രായോഗിക ക്ലാസ്സുകൾ | നവംബർ | ഇംഗ്ലീഷ് അധ്യാപിക |
| | ➢ വീട്ടിൽ എങ്ങനെ വൈദ്യുതി ലാഭിക്കാം | | |
| | ➢ ശാസ്ത്ര നാടകം- അന്ധവിശ്വാസങ്ങൾക്കെതിരെ ചെറിയ ശാസ്ത്ര നാടകങ്ങൾ. | ഡിസംബർ | മലയാളം അധ്യാപകൻ |

| | | | |
|---|---|---|---|
| | ➢ കുട്ടിപ്പൂക്കം-<br>കുട്ടിപ്പൂക്കം ശാസ്ത്ര ക്ലബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഓൺലൈൻ,ഓഫ് ലൈൻ പ്രശ്നോത്തരികൾ സംഘടിപ്പിക്കുന്നു. | ജനുവരി | മോളി ടീച്ചർ |

## പ്രതീക്ഷിത നേട്ടങ്ങൾ:

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു
- വിദ്യാലയ പ്രവേശനം വർദ്ധിക്കുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾ തടയിടുന്നു.

## കളിയരങ്ങ് :

ലക്ഷ്യം :

കലാ കായിക പരിസ്ഥിതി മേഖലയിലെ കുട്ടികളുടെ സർവ്വതോമുഖമായ വികാസം.

പ്രവർത്തനങ്ങൾ :

1. കലാശാല :

നൃത്തം, സംഗീതം, വാദ്യോപകരണ പഠനം തുടങ്ങിയവയുടെ ശാസ്ത്രീയ പരിശീലനവും കൂട്ടായ്മയുമാണ് കലാശാല മുന്നോട്ട് വയ്ക്കുന്നത്.

2. പച്ചപ്പാടം :

കൃഷി എന്ന സംസ്കാരത്തെ തിരിച്ചറിഞ്ഞ് അതിലെ നന്മകൾ ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു ജീവിത വീക്ഷണം സൃഷ്ടിക്കുന്നതിനാവശ്യമായ നിരവധിയവസരങ്ങൾ പച്ചപ്പാടം അനുഭവവേദ്യമാക്കുന്നു.

3. എന്റെ വീട്, എന്റെ വിദ്യാലയം :

സ്ക്കൂൾ ഹെൽത്ത്ക്ലബ്ബ് പ്രവർത്തനങ്ങൾ, ശുചിത്വ ബോധവത്കരണ പരിപാടികൾ, ലഹരി വിരുദ്ധ പ്രവരത്തനങ്ങൾ, പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവത്കരണം , മെഡിക്കൽ ക്യാംപുകൾ, ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുമായുള്ള ഒത്തുചേരലുകൾ തുടങ്ങി അനവധി പ്രവർത്തനങ്ങൾ എന്റെ വീട്, എന്റെ വിദ്യാലയം നടപ്പിലാക്കുന്നു.

4. കുട്ടിത്തിര (സ്മാൾ പ്രൊജക്ടർ) - (കുട്ടികളുടെ ക്ലബ്ബും തീയറ്ററും):

കുട്ടികൾക്കു വേണ്ടിയുള്ള മികച്ച സിനികമൾ ഡോക്യുമെന്ററികൾ , മറ്റാവിഷ്കാരങ്ങൾ എന്നിവ ബിഗ്സ്ക്രീനിൽ സാധ്യമാക്കാനും ചലച്ചിത്ര പ്രവർത്തകരുമായി സംവദിക്കാനുമുള്ള അവസരം.

## തനതു പ്രവർത്തനങ്ങൾ
## എഴുത്തോല

**ആയിരം വായനാകാർഡുകൾ**

ചിത്രം വരയ്ക്കാനും എഴുതാനുമുള്ള കുട്ടികളുടെയും രക്ഷിതാക്കളുടെയും കഴിവുകൾ ഉൾപ്പെടുത്തിക്കൊണ്ട് 1 മുതൽ 4 വരെയുള്ള കുട്ടികളുടെ ഭാഷാശേഷി വികാസത്തിനായി സ്കൂൾ വർഷാവസാനത്തോടെ "എഴുത്തോല" എന്ന പേരിൽ 1000 വായനകാർഡുകൾ തയ്യാറാക്കുന്ന പ്രവർത്തനം.

**കുട്ടിലൂക്ക**

കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്തുന്നതിനും പൊതുവിജ്ഞാനശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ആരംഭിച്ച ശാസ്ത്ര പൊതുവിജ്ഞാന ക്ലബ്ബ്

**പ്രതീക്ഷിതനേട്ടം**

- കുട്ടികളിലെ ശാസ്ത്രപരവും വൈജ്ഞാനികപരവുമായ ശേഷികളുടെ വികാസം
- വിവിധ വൈജ്ഞാനിക മത്സരത്തിൽ സ്കൂളിന്റെ മികച്ച പ്രാതിനിധ്യം ഉറപ്പിക്കൽ

**മാസപത്രം**

ഓരോ മാസവും കുട്ടികളുടെ വിവിധങ്ങളായ സൃഷ്ടികളും, സ്കൂൾ വാർത്തകളും ഉൾപ്പെടുത്തി ഒരു പത്രം പ്രസിദ്ധീകരിക്കുക.

**പ്രതീക്ഷിതനേട്ടം**

- വാർത്താശൈലി മനസ്സിലാക്കൽ
- റിപ്പോർട്ടിംഗ് മനസ്സിലാക്കൽ
- കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കൽ

**ഇൻലൻഡ് മാഗസിൻ**

എല്ലാ മാസവും കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു ഇൻലൻഡ് മാഗസിൻ തയ്യാറാക്കൽ

**പ്രതീക്ഷിതനേട്ടം**

- ഇൻലൻഡ് പരിചയപ്പെടൽ
- സ്വതന്ത്രരചനകൾ രചിക്കൽ

**തണൽ-വായിക്കാനൊരിടം**

രക്ഷിതാക്കൾക്കൊരു ലൈബ്രറി

PTA യുടെ നേതൃത്വത്തിൽ ആരംഭിച്ച ഓപ്പൺലൈബ്രറി രക്ഷിതാക്കളിലെയും കുട്ടികളിലെയും വായനാശീലം വർദ്ധിപ്പിക്കുന്നതിന്

**പ്രതീക്ഷിതനേട്ടം**

- കുട്ടികൾക്ക് ഒഴിവുസമയങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനൊരിടം
- രക്ഷിതാക്കൾക്ക് വായിക്കാനൊരിടം

**ഹൗസുകൾ**

1 മുതൽ 4 വരെ ക്ലാസ്സിലെ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് 5 ഹൗസുകൾ, വിവിധ മത്സരങ്ങൾക്ക് ഹൗസിന് പോയിന്റ് നൽകുന്നു. വർഷാവസാനം പോയിന്റ് നിലയിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്ന ഹൗസുകൾക്ക് എവർറോളിംഗ് ട്രോഫി നൽകുന്നു.

**പ്രതീക്ഷിതനേട്ടം**

- മത്സരങ്ങളിൽ പങ്കെടുക്കാനുള്ള താല്പര്യം വളർത്തുന്നു.
- ആരോഗ്യപരമായ മത്സരബുദ്ധി വളർത്തുന്നു
- പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള ശേഷി കൈവരിക്കുന്നു

**ഗണിതകാർണിവൽ**

ഗണിതശാസ്ത്രം ലളിതവും രസകരവുമാണ്. എന്നാൽ ചില ഗണിതാശയങ്ങൾ കുട്ടികളിൽ പ്രയാസം ഉളവാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചതുഷ്ക്രിയകളിലുള്ള പരിജ്ഞാനം എല്ലാ കുട്ടികളിലും എത്തിക്കുന്നതിനായി നമ്മുടെ സ്കൂൾ നടപ്പിലാക്കുന്ന തനതു പ്രവർത്തനമാണ് "ഗണിത കാർണിവൽ"

ചതുഷ്ക്രിയകൾ മൂർത്ത വസ്തുക്കളിൽ നിന്നും അമൂർത്ത ആശയങ്ങളിലേക്ക് എന്നതിനെ അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## കുട്ടികളുടെ ലോകം

കുട്ടിക്കഥകളിലൂടെയും കവിതകളിലൂടെയും ഗണിതാശയങ്ങൾ എത്തിക്കുന്നു.

## നിത്യജീവിതാനുഭവങ്ങൾ

കുട്ടികളിൽ നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ (അളവ്, സമയം, പണമിടപാട്, ജാമിതായരൂപങ്ങൾ) എന്നിവ ക്ലാസ്സ്റൂം സാഹചര്യത്തിൽ സജ്ജീകരിക്കുന്നു.

## ട്രഷർഹണ്ട്

കുട്ടി നേടിയ ഗണിതാശയങ്ങൾ പ്രയോജനപ്പെടുത്തി ക്ലാസ്സ് അടിസ്ഥാനത്തിൽ ആഴ്ചയിൽ ഒന്ന് എന്ന രീതിയിൽ ട്രഷർഹണ്ട് എന്ന പ്രവർത്തനം നടപ്പിലാക്കുന്നു.

## മോണിറ്ററിംഗ്

- ദൈനംദിന മോണിറ്ററിംഗ് - HM, എസ്.ആർ.ജി കൺവീനർ
- സോഷ്യൽ മോണിറ്ററിംഗ് - PTA, MPTA, SMC, SSG
- ഉദ്യോഗസ്ഥതല മോണിറ്ററിംഗ്

## ഉപസംഹാരം

പുത്തൻ സാമ്പത്തികനയങ്ങൾ പൊതുഇടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ തനത് മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാവുക എന്നുള്ളത്. നാട്യങ്ങളേതും ഇല്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മഹത്വവും കാത്തുസൂക്ഷിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അനുബന്ധം :

കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| വർഷം | പ്രീ പ്രൈമറി | 1 | 2 | 3 | 4 | ആകെ |
|---|---|---|---|---|---|---|
| 2013-14 | 82 | 44 | 43 | 43 | 45 | 257 |
| 2014-15 | 83 | 45 | 47 | 46 | 43 | 264 |
| 2015-16 | 90 | 60 | 41 | 42 | 41 | 274 |
| 2016-17 | 93 | 43 | 60 | 40 | 42 | 278 |
| 2017-18 | 94 | 44 | 41 | 62 | 42 | 283 |
| 2018-19 | 102 | 49 | 46 | 42 | 63 | 302 |
| 2019-20 | 100 | 63 | 49 | 46 | 43 | 301 |
| 2020-21 | 100 | 61 | 70 | 51 | 48 | 330 |
| 2021-22 | 106 | 76 | 63 | 69 | 48 | 362 |
| 2022-23 | 120 | 47 | 74 | 66 | 69 | 376 |
| 2023-24 | 120 | 48 | 50 | 66 | 61 | 345 |
| 2024-25 | 115 | 63 | 49 | 49 | 63 | 339 |
| 2025-26 | 105 | 53 | 61 | 51 | 48 | 318 |

<u>വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയ കമ്മിറ്റികൾ :</u>

- പി.റ്റി.എ
- എം.പി.റ്റി.എ
- എസ്.എം.സി